കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - - ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് - പട്ടികജാതി കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ, വീട് വയറിംഗ് എന്നീ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പാക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം.3334/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 19.10.2017

---

വായന :- 1) 23.05.17 ലെ സ.ഉ.(സാധാ.) നം.1683/2017/ത.സ്വ.ഭ.വ. നം. ഉത്തരവ്

2) ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 01.08.2017-ലെ കത്ത്

3) 23.08.2017 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 3.11 നമ്പർ തീരുമാനം

ഉത്തരവ്

മുകളിൽ വായിച്ച സർക്കാർ ഉത്തരവ് പ്രകാരം പട്ടികജാതി കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ, വീട് വയറിംഗ് എന്നീ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മാത്രമേ നടപ്പാക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കാൻ പ്രത്യേക അനുമതി നൽകണമെന്ന് മുകളിൽ രണ്ടാമതായി വായിച്ച കത്ത് പ്രകാരം ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

23.08.2017 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചിട്ടുള്ള, പട്ടികജാതി കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ, വീട് വയറിംഗ് എന്നീ പ്രോജക്ടുകൾ, ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പാക്കണമെന്ന നിബന്ധനയോടെ ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്, ആലങ്ങാട്, എറണാകുളം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
ജില്ലാ പ്ലാനിംഗ് ഓഫീസർ, എറണാകുളം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എസ്. ആർ. ജി., ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം
Varadadevi
സെക്ഷൻ ഓഫീസർ.